(ബി, സി) പെരുവയൽ പഞ്ചായത്തിൽ പുതിയ പി.എച്ച്.സി. സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

റാന്നി പെരുനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഒഴിവുള്ള തസ്തികകൾ നികത്താൻ നടപടി

141 [5286] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി-പെരുനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആകെ എത്ര തസ്തികകളാണ് ഉള്ളത്; ഇതിൽ അവധി എടുത്തിട്ടുള്ള ഡോക്ടർമാർ എത്ര; അവധി എടുത്ത ഒരു ഡോക്ടർ സ്ഥിരമായി സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സംഭവത്തെപ്പറ്റി അന്വേഷണം നടത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഈ ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ സ്ഥലംമാറ്റം വാങ്ങിപ്പോയശേഷം ഈ തസ്തികയിൽ ആളെ നിയമിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡോക്ടർക്ക് മെഡിക്കൽ ഓഫീസർ (ഇൻ-ചാർജ്ജ്) എത്ര നാൾക്കുള്ള പ്രതിഫലമാണ് കൊടുക്കാനുള്ളത്;

(ഡി) ഈ ആശുപത്രിയിൽ അനുവദിക്കപ്പെട്ട ഫിസിഷ്യൻ, ഗൈനക്കോളജിസ്റ്റ് എന്നീ തസ്തികകൾ എത്ര നാളായി ഒഴിഞ്ഞു കിടക്കുകയാണ്; പ്രസ്തുത നിയമനങ്ങൾ അടിയന്തിരമായി നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റാന്നി-പെരുനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 5 അസിസ്റ്റന്റ് സർജന്റെ തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ രണ്ടു പേർ അവധിയിലാണ്. അവധി എടുത്ത ഒരു ഡോക്ടർ സ്ഥിരമായി സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പകരം ഡോക്ടറെ നിയമിച്ചിട്ടുണ്ട്.

(സി) ജൂൺ മാസത്തെ 11 ദിവസത്തെ ശമ്പളം മാത്രമേ കൊടുക്കാനുള്ളൂ.

(ഡി) റാന്നി-പെരുനാട് ആശുപത്രിയിൽ ഡോക്ടർമാരുടെ തസ്തിക ഒന്നും തന്നെ ഒഴിഞ്ഞു കിടപ്പില്ല. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ലഭ്യതയനുസരിച്ച് നിയമിക്കുന്നതാണ്.

റാന്നി-പെരുനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസറെപ്പറ്റിയുള്ള പരാതി

142 [5287] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി-പെരുനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസറെപ്പറ്റി (ഇൻ-ചാർജ്ജ്) പഞ്ചായത്ത് കമ്മിറ്റി ഡി.എച്ച്.എസ്.-ന് പരാതി നൽകിയത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly